(ഡി) കടലോരത്ത് ഹൈ ടൈഡ് ലൈനിൽനിന്നും 200-500 മീറ്ററിനുള്ളിൽ വീട് നിർമ്മിച്ചിട്ടുള്ള തദ്ദേശവാസികളായ മത്സ്യത്തൊഴിലാളികൾക്ക് വീടു നമ്പർ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) കടലോരത്ത് ഹൈ ടൈഡ് ലൈനിൽനിന്നും 200-500 മീറ്ററിനുള്ളിൽ, തദ്ദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ വീടുനിർമ്മാണം ഒഴികെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ പാടില്ലായെന്നാണ് സർക്കാർ നിലപാട്.

9 (1223) മത്സ്യം കയറ്റുമതി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് നമ്പർ ലഭിക്കാത്ത എത്ര വീടുകൾ ഉണ്ടെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ;

(ബി) ഈ സാമ്പത്തികവർഷം മത്സ്യം കയറ്റുമതിയിലൂടെ സംസ്ഥാന ഗവൺമെന്റിന് എത്ര കോടി രൂപ ലഭിച്ചു;

(സി) വിദേശ വിപണികളിൽ മാർക്കറ്റ് ലഭിക്കുന്നതിന് ആവശ്യമാകുംവിധം പുതിയ സംവിധാനം കേരളത്തിലെ മത്സ്യസംസ്ക്കരണശാലകളിൽ ഏർപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ടോ;

(ഡി) കേരളത്തിലെ മത്സ്യസംസ്ക്കരണ വിപണനരംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ സാമ്പത്തികവർഷം (ഏപ്രിൽ മുതൽ സെംപ്റ്റംബർ വരെ) മത്സ്യം കയറ്റുമതിയിലൂടെ 453.20 കോടി രൂപ ലഭിച്ചു.

(സി) മത്സ്യകയറ്റുമതി വർദ്ധിപ്പിക്കുന്നതിലേക്കായി, മത്സ്യം കരയ്ക്കടുപ്പിക്കുമ്പോൾ മുതൽ കയറ്റുമതി ചെയ്യുന്ന ഘട്ടംവരെയുള്ള എല്ലാ രംഗങ്ങളിലും അന്താരാഷ്ട്ര നിലവാരം പുലർത്താൻ മത്സ്യസംസ്ക്കരണ സംരംഭകരെ പര്യാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിലുള്ള കണക്കുകൾ ഫിഷറീസ് വകുപ്പിൽ ലഭ്യമല്ല.

10 (1224) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് തൊഴിലുടമകളുടെ അംശദായമായി പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly